Mathrubhumi 24-10-18, P-06

കൃഷിദർശിനി

# വേസ്റ്റ് ഡീകമ്പോസർ

ജി.എസ്. ഉണ്ണിക്കൃഷ്ണൻ നായർ

ഹൈദരാബാദിലെ 'നാഷണൽ സെൻറർ ഓഫ് ഓർഗാനിക് ഫാമിങ്' ജൈവവസ്തുക്കളെ പെട്ടെന്ന് കമ്പോസ്റ്റാക്കുന്ന കൾച്ചർ ഉണ്ടാക്കി. ജൈവവിഘാടകരായ സൂക്ഷ്മജീവികളടങ്ങിയ ഇതിന് 'വേസ്റ്റ് ഡീകമ്പോസർ' എന്നാണ് പേരിട്ടിട്ടുള്ളത്. ഒരു ബോട്ടിൽ 20 രൂപയ്ക്ക് കർഷകർക്ക് ലഭിക്കും.

ഒരു ബോട്ടിൽ ഡീകമ്പോസർ കൾച്ചർ ഉപയോഗിച്ച് ഒരു ടൺ ജൈവമാലിന്യം കമ്പോസ്റ്റാക്കാം.

**ഉപയോഗിക്കുന്നവിധം (കൈകാര്യം ചെയ്യുമ്പോൾ കൈയുറ ധരിക്കണം):**

രണ്ടുകിലോഗ്രാം ശർക്കര 200 ലിറ്റർ വെള്ളത്തിലിട്ട് നന്നായി ഇളക്കി ലയിപ്പിക്കുക.




ഇതിൽ ഒരു ബോട്ടിൽ ഡീകമ്പോസർ വീഴ്ത്തുക. ഇളക്കിയശേഷം കാർഡ്ബോർഡ് ഉപയോഗിച്ച് നാലുദിവസം അടച്ചുവെക്കണം. ഓരോ ദിവസവും ഒരു തവണ ഇതു നന്നായി ഇളക്കണം.

തണലത്തുവെച്ച് കമ്പോസ്റ്റുണ്ടാക്കാൻ ജൈവമാലിന്യങ്ങൾ പ്ലാസ്റ്റിക് ഷീറ്റിൽ പല അട്ടികളായി ഇടണം. ഓരോ അട്ടിയും ഇട്ടശേഷം മീതെ ഡീകമ്പോസർ ഉപയോഗിച്ചുണ്ടാക്കിയ മിശ്രിതം 20 ലിറ്റർ വീതം തളിക്കുക. അങ്ങനെ 10 അട്ടികളിലായി ജൈവമാലിന്യം ഇടണം. 60 ശതമാനം ഈർപ്പം നിലനിർത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരാഴ്ചകഴിഞ്ഞ് കമ്പോസ്റ്റ് കീഴ്മേൽ ഇളക്കിയിടണം. 30-ാം ദിവസം കമ്പോസ്റ്റ് തയ്യാറാകും.

മിശ്രിതം സ്പ്രേയായി ഇലകളിൽ നൽകുന്നതാണ് നല്ലത്. വിത്തിന്റെ അങ്കുരണവും പ്രതിരോധശേഷിയും മെച്ചപ്പെടുത്താൻ ഒരു ബോട്ടിൽ ഡീകമ്പോസർ 30 ഗ്രാം ശർക്കരയുമായി നന്നായി ചേർക്കുക. ഇതിൽ വിത്തിട്ടിളക്കി തണലത്ത് അരമണിക്കൂർ വെച്ചശേഷം വിതയ്ക്കാം. ഡീകമ്പോസർ ലഭിക്കാൻ ബെംഗളൂരുവിലുള്ള 'റീജണൽ സെൻറർ ഓഫ് ഓർഗാനിക് ഫാമിങ്ങു'മായി ബന്ധപ്പെടാം. ഫോൺ: 08028460503.